# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3166

24.02.2016 ൽ ബഹു: മുഖ്യമന്ത്രി
മറുപടി പറയേണ്ടത്

## ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനം

**ചോദ്യം**
ശ്രീ. പി. ഉബൈദുള്ള

**ഉത്തരം**
ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ധനകാര്യ പരിശോധനാ വിഭാഗത്തിൽ നിയമിക്കപ്പെടുന്നതിനായി ജീവനക്കാരുടെ മിനിമം സേവന കാലയളവ് എത്രയെന്നറിയിക്കുമോ; നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് നിശ്ചിത സേവന കാലയളവ് പൂർത്തിയാക്കണമെന്ന് മുൻകാലങ്ങളിൽ തീരുമാനമെടുത്തിട്ടുണ്ടോ; | : | ധനകാര്യ പരിശോധനാ വിഭാഗത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് മിനിമം സേവന കാലയളവ് ഇല്ല. നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് നിശ്ചിത സേവന കാലയളവ് പൂർത്തിയാക്കണമെന്ന് മുൻകാലങ്ങളിൽ തീരുമാനമെടുത്തിട്ടില്ല. ആയതിനാൽ നിശ്ചിത കാലയളവ് പൂർത്തിയാക്കണമെന്ന തീരുമാനത്തിന് വിപരീതമായി ധനകാര്യ പരിശോധനാ വിഭാഗത്തിൽ ജീവനക്കാരെ നിയമിക്കുവാനുള്ള സാഹചര്യം ഉണ്ടായിട്ടില്ല. |
| (ബി) | എങ്കിൽ പ്രസ്തുത തീരുമാനത്തിന് വിപരീതമായി പ്രസ്തുത വിഭാഗത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ; ഇങ്ങനെ ജീവനക്കാരെ നിയമിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ; ഭാവിയിൽ ഇത്തരം നിയമനങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ; | : | |
| (സി) | ധനകാര്യ പരിശോധനാ വിഭാഗം തയ്യാറാക്കി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ അംഗീകാരം നൽകുന്നതിന് ഉത്തരവാദപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥർ മാസങ്ങളോളം കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് അംഗീകരിക്കുന്നതിന് കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ; | : | ധനകാര്യ പരിശോധനാ വിഭാഗം തയ്യാറാക്കി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ അംഗീകാരം നൽകുന്നതിന് ഉത്തരവാദപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥർ മാസങ്ങളോളം കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | റിപ്പോർട്ടുകൾ അംഗീകരിക്കാൻ കാലതാമസം വന്നതുകാരണം ശിക്ഷാ നടപടികൾക്ക് വിധേയരാവേണ്ട ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള എത്ര കേസ്സുകൾ 2014-15 മുതൽ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | : | റിപ്പോർട്ടുകൾ അംഗീകരിക്കാൻ കാലതാമസം വരാത്തതിനാൽ ആരുംതന്നെ ശിക്ഷാ നടപടികൾക്ക് വിധേയരായിട്ടില്ല. |

**അക്കൗണ്ട്സ് ഓഫീസർ**